**രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയ ഇന്ത്യയുടെ അറുപത് വർഷങ്ങൾ. സ്വാതന്ത്ര്യം, ജനാധിപത്യം, ഭരണം, രാഷ്ട്രീയം, പരമാധികാരം, ജനം.... ഒരന്വേഷണം. ഡോ. നിസാർ അഹമ്മദുമായി സി.കെ.രാജു, മുകുന്ദനുണ്ണി, റോബിൻ എന്നിവർ നടത്തിയ സംഭാഷണത്തിൽനിന്ന്. കേട്ടെഴുതിയത് : രമ**

# സ്വാതന്ത്ര്യം

ഡോ. നിസാർ അഹമ്മദ്

ഫ്രീഡം എന്നുള്ള ആശയവും ലിബർട്ടി എന്നുള്ള ആശയവും രണ്ടാണ്. നമ്മൾ സ്വാതന്ത്ര്യം എന്നാണ് രണ്ടിനും ഉപയോഗിക്കുന്നത്. ലിബർട്ടി എന്നുള്ളതും ഓട്ടോണമി എന്നുള്ളതും വ്യത്യസ്തമാണ്. ഓട്ടോ എന്നാൽ സ്വയം. നോമി എന്നാൽ ഭരണം, സ്വയം ഭരണം ആണ് ഓട്ടോണമി. ഓട്ടോണമി എന്ന് പറയുമ്പോൾ ഒരു സമൂഹത്തെപ്പറ്റിയല്ല ഒരു ആളുടെ ഗുണത്തെപ്പറ്റിയാണ് സൂചിപ്പിക്കുന്നത്. സ്റ്റേറ്റിന്റെ കാര്യത്തിൽ ലിബർട്ടി ആണ്. ലിബർട്ടി എന്നത് നിഷേധ സൂചകമാണ്. അതായത് നിങ്ങളുടെ പുറത്തുള്ളതിന്റെ നിയന്ത്രണമൊന്നും നിങ്ങളുടെ മേലില്ല എന്നാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. നിങ്ങൾ ലിബർട്ടിയിലാണെന്ന് പറയുമ്പോൾ നിങ്ങൾ വേറെ ഒന്നിന്റെയും അധീനത്തിലല്ല എന്നാണുദ്ദേശിക്കുന്നത്. ഉള്ളിൽ നിന്ന് നൈസർഗികമായി വരുന്ന ഒരു സ്ഥിതിയെ ആണ് സ്വാതന്ത്ര്യം കൊണ്ട് ഉദ്ദേശിക്കുന്നത്. എപ്പോഴെങ്കിലും അതിന് തടസ്സം വരുമ്പോഴാണ് അസ്വാതന്ത്ര്യം എന്ന് പറയുന്നത്. ഒരു രാജ്യം പൊതുവെ ലിബർട്ടി ആണെന്ന് പറയില്ല ; ഒരു ജനത സ്വതന്ത്രമാണ് എന്നാണ് പറയുക. ലിബർട്ടി എന്നുപറഞ്ഞാൽ പുറം ശക്തികൾ അതിനെ അധീനത്തിൽ വച്ചിട്ടില്ല എന്നാണ്. ജോൺ സ്റ്റുവർട്ട് മില്ലിന്റെ 'ഓൺ ലിബർട്ടി' എന്നുള്ള പുസ്തകം രാഷ്ട്രീയ മാനങ്ങളെക്കുറിച്ച് തന്നെയാണ് പറയുന്നത്. അമേരിക്കൻ റിപ്പബ്ലിക്കിന്റെ ആധാരമായിട്ടുള്ളത് ലിബർട്ടി എന്നുള്ള സങ്കല്പമാണ്. ജനതയുടെ സ്വയം ഭരണം. ഗാന്ധി ഓരോ ആളുടേയും സ്വാതന്ത്ര്യമാണ് ഒരു രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യമായി എടുക്കുന്നത്. രാഷ്ട്രത്തിന്റെ മൊത്തം സ്വാതന്ത്ര്യം എന്ന ഒന്നില്ല. ഒരാളുടെയും മേൽ വേറൊരാളുടെ നിയന്ത്രണം അവിടെ ഇല്ല. ആ രാജ്യത്തിലെ ഓരോരുത്തരും സ്വതന്ത്രരാകുമ്പോഴാണ് ആ രാഷ്ട്രം സ്വതന്ത്രമാകുന്നത്.



വര : വി.എസ്. ഗിരീശൻ

മുൻപൊരിക്കൽ സ്വാതന്ത്ര്യത്തെക്കുറിച്ച് എഴുതിയ ഒരു ലേഖനത്തിൽ സ്വാതന്ത്ര്യത്തിന്റെ വ്യത്യസ്ത സങ്കല്പനങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട് : അടിച്ചമർത്തൽ സങ്കല്പം (repressive notion of freedom), എതിർ മനോഭാവ സങ്കല്പം (agonistic notion of freedom), പരസ്പര ബന്ധസങ്കല്പം (relational notion of freedom) തുടങ്ങിയ സങ്കല്പനങ്ങൾ അതിൽ പറയുന്നു. ഒരാൾ മറ്റൊരാളുമായി എപ്പോഴും യുദ്ധത്തിന്റെ മനോഭാവത്തിലാണ് എന്നതാണ് സ്വാതന്ത്രത്തെക്കുറിച്ചുള്ള എതിർ മനോഭാവ സങ്കല്പനത്തിന്റെ അടിസ്ഥാനം. ആളുകൾ പരസ്പരം അക്രമോത്സുകരാണ് എന്നാണ് ഇതിൽ നിന്ന് വരുന്നത്. പരസ്പ്പരബന്ധസങ്കല്പം എന്ന് പറയുന്നത് ഒരാളുടെ സ്വാതന്ത്ര്യം മാത്രമായി ഇല്ല.

മറ്റൊരാളുമായി ബന്ധപ്പെട്ട് മാത്രമേ ഒരാൾക്ക് സ്വാതന്ത്ര്യമുള്ളൂ. ഒരാൾക്ക് കൂടുതൽ സ്വാതന്ത്ര്യം ഉണ്ടാകുന്നത് മറ്റൊരാളുടെ സ്വാതന്ത്ര്യത്തെ കുറച്ചുകൊണ്ടാണ് എന്നാണ് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പരസ്പരബന്ധസങ്കല്പത്തിന്റെ അടിസ്ഥാനം, ഇതൊരു നിലപാടായിട്ടല്ല, സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ആലോചനയ്ക്ക് ഒരു ബദൽ വീക്ഷണമായി വെയ്ക്കുന്നുവെന്നേയുള്ളു. സ്വാതന്ത്ര്യത്തെ ചലനാത്മകമായിട്ടാണ് ഇവിടെ കാണുന്നത്. ഇതനുസരിച്ച് സ്വാതന്ത്ര്യം എന്നാൽ സാമൂഹികമായി മാത്രം രൂപപ്പെടുന്നതാണ്. മറ്റൊരാളുമായുള്ള ബന്ധത്തെ ആശ്രയിച്ചാണത് രൂപപ്പെടുന്നത്. ഒരാൾ കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുമ്പോൾ മറ്റൊരാളുടെ സ്വാതന്ത്ര്യം കുറച്ചുകൊണ്ടാകും അത് നേടുന്നത്. സ്വാതന്ത്ര്യത്തെപ്പറ്റി വേണമെങ്കിൽ അങ്ങനെ ആലോചിക്കാവുന്നതേയുള്ളു. അപ്പോൾ രാഷ്ട്രത്തിന് മൊത്തമായി സ്വാതന്ത്ര്യമുണ്ടാകില്ല.

സ്വാതന്ത്ര്യം എന്തിന്റെ അടിസ്ഥാനത്തിലാണ് പരിശോധിക്കേണ്ടത് ? ചലിക്കാനുള്ള സ്വാതന്ത്ര്യം, ഭക്ഷണം കഴിക്കാനുള്ള സ്വാതന്ത്ര്യം, വിഭവങ്ങൾ ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം, ചിന്തിക്കാനുള്ള സ്വാതന്ത്ര്യം, നിരത്തിൽ നടക്കാനുള്ള സ്വാതന്ത്ര്യം. സ്വാതന്ത്ര്യം അങ്ങിനെ പലതലങ്ങളിലുണ്ട്. പണ്ട് കേരളത്തിൽ താഴ്ന്ന ജാതിയിൽപ്പെട്ട ആളുകൾക്ക് പൊതുനിരത്തിൽ നടക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഇതിനർത്ഥം ഒരു വിഭാഗം പേർക്ക് സ്വാതന്ത്ര്യമുണ്ട് മറ്റൊരുവിഭാഗത്തിന് ഇല്ല. അങ്ങിനെ എടുത്തു കഴിഞ്ഞാൽ സ്വാതന്ത്ര്യം എന്നുള്ളത് വിഭവമാണ്. ഒരാൾക്ക് അതുണ്ടാവും. മറ്റൊരാൾക്ക് അതുണ്ടാവില്ല. എല്ലാവരും പൊതുവായി അംഗീകരിക്കപ്പെടുന്ന ഒരു ചട്ടം വന്നുകഴിയുമ്പോൾ ആ വിഭവം നേടുന്നതിന് എല്ലാവരും സ്വതന്ത്രരാകും. ഉദാഹരണത്തിന് ഒരു പൊതുറോഡ് വരുന്നു. എല്ലാവർക്കും അത് ഉപയോഗിക്കാം എന്ന് വന്നപ്പോൾ അവിടെ എല്ലാവരും സ്വതന്ത്രരാണ്. പ്രതിനിധാനം ഇതുപോലെയാണ്, എല്ലാവർക്കും സ്റ്റേറ്റിൽ പങ്കാളിയാകാൻ പറ്റില്ലെങ്കിൽ ഒരാൾ പ്രതിനിധീകരിക്കാൻ സ്വതന്ത്രനാണ്. അപ്പോൾ മറ്റൊരാൾക്ക് പ്രതിനിധീകരിക്കാൻ അധികാരമില്ല. അപ്പോൾ അയാൾ അതിൽ സ്വതന്ത്രനല്ല, അപ്പോൾ എല്ലാത്തിലും സ്വാതന്ത്ര്യം എന്ന അർത്ഥത്തിൽ എടുക്കുകയാണെങ്കിൽ എല്ലാവർക്കും ഒരുമിച്ച് എല്ലാം കിട്ടില്ല. എന്നാൽ ഈ വാദവും നിലനില്ക്കില്ല.

ഒരു രാജ്യം മുഴുവൻ സ്വതന്ത്രമാണെന്ന് പറയുമ്പോൾ എന്താണ് നാം പൂർവ്വകല്പന ചെയ്യുന്നത്. എല്ലാവരും സമന്മാരാണ് എന്ന് പറഞ്ഞാൽ എല്ലാവരും സ്വതന്ത്രരാണെന്ന് പറയാൻ പറ്റുമോ ? ബാഹ്യമായ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം സ്വാതന്ത്ര്യം ഉണ്ടെന്ന് പറയാമോ ? സാഹചര്യമനുസരിച്ച് നമുക്ക് വ്യാഖ്യാനിക്കാൻ പറ്റാവുന്ന ഒരു സങ്കല്പമാണോ ഇവിടെ സ്വാതന്ത്ര്യം ? ഇനി സ്ഥാപനപരമായ ചട്ടക്കൂടിൽ നിലനിൽക്കുമ്പോഴുള്ള സ്വാതന്ത്ര്യം. സ്ഥാപനങ്ങളിൽ എല്ലാവർക്കും എല്ലാറ്റിലുമുള്ള സ്വാതന്ത്ര്യം ഇല്ലല്ലോ, അത്തരം സ്ഥാപന വ്യവസ്ഥയിൽ ചട്ടങ്ങൾ എങ്ങിനെ ഉണ്ടാക്കപ്പെടുന്നു, ആളുകളുടെ കർമ്മങ്ങളെ, പ്രവർത്തികളെ ആ ചട്ടങ്ങൾ എങ്ങിനെയാണ് നിർണ്ണയിക്കുക എന്നതിനെ ആശ്രയിച്ചാണ് ആർക്കൊക്കെ എന്തൊക്കെ സ്വാതന്ത്ര്യം ഉണ്ട് എന്ന് തീരുമാനിക്കപ്പെടുക. ഇത് സമൂഹത്തിലും സ്റ്റേറ്റിന്റെ കാര്യത്തിലും ബാധകമാണ്. ആ അർത്ഥത്തിൽ പറയുമ്പോൾ നമ്മുടെ സ്വാതന്ത്ര്യം പൊതു താല്പര്യത്തിന് വേണ്ടി കീഴ്പ്പെടുത്തുന്നതിന് തുല്യമാണ്. എന്നുവച്ചാൽ നമ്മുടെ സ്വാതന്ത്ര്യത്തിന്റെ കുറെ ഭാഗങ്ങൾ മൊത്തം താല്പര്യങ്ങൾക്ക് വേണ്ടി സമർപ്പിക്കുവാൻ തയ്യാറാകുകയാണ് നാം. പൊതുതാല്പര്യങ്ങൾക്ക് വേണ്ടി കുറെ അസ്വാതന്ത്ര്യം ഏൽക്കുവാൻ തയ്യാറാകുകയാണ് നാം. സ്വാതന്ത്ര്യത്തെകുറിച്ച് ഈ മട്ടിൽ ആലോചിക്കുമ്പോൾ വ്യക്തി എന്നത് ഒരു മുന്നുപാധിയാണ്. ഇത് പക്ഷെ ആധുനികതയുടെ ഒരു സങ്കല്പമാണ്. സ്വാതന്ത്ര്യം എന്ന സങ്കല്പം അങ്ങനെ തന്നെ വരണമെന്നില്ല.

വര : വി.എസ്. ഗിരീശൻ



പൗരൻ എന്നത് സിറ്റി സ്റ്റേറ്റിൽ നിന്ന് വരുന്നതാണ്. അത് ഏതൻസിൽ നിന്ന് ഉത്ഭവിച്ചതാണല്ലോ. ഏതൻസിൽ പൗരന്മാർ പ്രത്യേകതരത്തിലാണ്. അടിമകളും സ്ത്രീകളും പൗരന്മാരല്ല. അപ്പോൾ പൗരന്മാർ ആരാണ് എന്ന് തീരുമാനിക്കപ്പെടുന്നതനുസരിച്ചാണ് സ്വാതന്ത്ര്യം എന്തൊക്കെയെന്ന്, സ്വാതന്ത്ര്യം ആർക്കൊക്കെയാണ് വേണ്ടത് എന്ന് നിശ്ചയിക്കപ്പെടുന്നത് ഇത്തരം പ്രശ്നം എല്ലാ കാലത്തും ഉണ്ട്, ആർക്ക്, എന്ത് സ്വാതന്ത്ര്യമാണ് ഉണ്ടാകേണ്ടത് എന്നത്. സാമൂഹിക സാഹചര്യങ്ങളും ചരിത്രപരമായും ബന്ധിതമായിട്ടല്ലാതെ സ്വാതന്ത്ര്യം എന്നുള്ളത് ചർച്ചചെയ്യാൻ പറ്റുമോയെന്നത് സംശയമാണ്.

താത്വികമായല്ലാതെ സ്വാതന്ത്ര്യം എന്ന് പറഞ്ഞാൽ എന്താണ് ? എപ്പോഴാണ് ഒരാൾ സ്വതന്ത്രനാണ് എന്ന് പറയാനാവുക ? അത്

**മറ്റൊരാളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രവർത്തി ഒരാൾ ചെയ്യാതിരിക്കുകയോ പ്രവർത്തിയിൽ നിന്ന് വിട്ടുനിൽക്കുകയോ ചെയ്യുന്ന അവസ്ഥയാണ് സ്വാതന്ത്ര്യത്തെ ഉറപ്പാക്കുന്നത്. അങ്ങിനെയല്ലെങ്കിൽ ഒരിക്കലും സ്വാതന്ത്ര്യമില്ല.**

വ്യക്തമല്ല. സങ്കല്പന ഘട്ടത്തിൽതന്നെ ഈ ആശയകുഴപ്പമുണ്ട്. ഇന്നുള്ള സാഹചര്യങ്ങളിൽ സ്വാതന്ത്ര്യമുണ്ട്, സ്വാതന്ത്ര്യം നഷ്ടപ്പെട്ടു, എന്നൊക്കെ പറയണമെങ്കിൽ എന്താണ് സ്വാതന്ത്ര്യം എന്നുള്ളത് നമുക്ക് ആദ്യം വ്യക്തമായിരിക്കണം. ഇത് വ്യക്തമല്ല. ചെറിയ ഒരു ഉദാഹരണം നോക്കാം. നമ്മുടെ രാജ്യം ഗാട്ട്സിൽ ഒപ്പു വെയ്ക്കുന്നു. ഇത് നമ്മുടെ ചിന്തിക്കാനുള്ള സ്വാതന്ത്ര്യത്തിൽ എത്ര തടസ്സമുണ്ടാക്കാൻ ഇടയാക്കും എന്ന് പറയാനാകുമോ ? അത് വ്യക്തമല്ല. ഇനി വ്യക്തമാണെങ്കിലും ഒരാളുടെ സ്വാതന്ത്ര്യത്തെ ഇത് എങ്ങനെ ബാധിക്കും എന്ന് നമുക്കറിയില്ല. അപ്പോൾ എന്താണ് സ്വാതന്ത്ര്യം ?. ഉദാഹരണത്തിന്, ബലപ്രയോഗത്തിലൂടെ നാം ഗാട്ട്സിൽ ഒപ്പുവയ്ക്കപ്പെട്ടതാണോ ? അല്ലെങ്കിൽ ചില വിഘാതങ്ങളുടെ അടിസ്ഥാനത്തിൽ ഒപ്പ് വെയ്ക്കാൻ നിർബന്ധിതമാക്കപ്പെട്ടതാണോ ? ഇതൊന്നും വ്യക്തമല്ല. അത് മാത്രമല്ല. ഒരാൾ ആണ് ഒപ്പ് വെയ്ക്കുന്നതെങ്കിൽ രാഷ്ട്രത്തിനെ എങ്ങിനെയാണ് അത് ബാധിക്കുക. ഒപ്പ് വെച്ചത് ഉദ്യോഗസ്ഥരോ, നേതാക്കളോ, രാഷ്ട്രീയപാർട്ടിയോ ആയാലും ഇവിടെ സ്വാതന്ത്ര്യം എന്നുള്ള ആശയം ഇവരുടെ ആശയമായി പരിവർത്തിക്കപ്പെടുന്നു. അങ്ങനെ അവർ ഒരു കരാറിൽ ഒപ്പ് വയ്ക്കാൻ സ്വതന്ത്രരായിത്തിരുന്നു. പക്ഷേ ഒപ്പു വയ്ക്കുന്നയാൾക്ക് വേറെ ആരോടും ഉത്തരവാദിത്വമില്ലെങ്കിൽ പ്രശ്നമില്ല. പക്ഷേ ഇവിടെ ഒരു രാഷ്ട്രം മുഴുവനാണ് ഉത്തരവാദപ്പെട്ടരിക്കുന്നത്. അപ്പോൾ ഇവിടെ സ്വതന്ത്രരാജ്യം എന്ന് പറയാൻ കഴിയുമോ ? വ്യക്തമല്ല. സ്വതന്ത്രരാജ്യം എന്നു പറയുമ്പോഴും അനന്തരഫലങ്ങൾ ഉണ്ടാകും എന്ന് വ്യക്തമായ കാര്യങ്ങളിൽ പോലും തീരുമാനമെടുക്കുന്നത് ഇങ്ങിനെയാണ് : കരാറിന്റെ ഉപാധികളെക്കുറിച്ചും അനന്തര ഫലങ്ങളെക്കുറിച്ചും മറച്ചുവെച്ചുകൊണ്ട് ജനങ്ങളുടെ പേരിൽ, ചിലർ സ്വതന്ത്രരായി, ജനങ്ങളുടെ പേരിൽ ഒപ്പു വെയ്ക്കാൻ അനുനയിക്കപ്പെടുന്നു. അവരുടെ സ്വാതന്ത്ര്യത്തിൽ നിന്നല്ല അവർ അത് ചെയ്യുന്നത്. സ്വാതന്ത്ര്യത്തിൽ നിന്നുള്ളതാണ് എന്ന് പറയുന്നെങ്കിൽ വലിയ പ്രശ്നമാണ്. രാഷ്ട്രങ്ങൾ തമ്മിലുള്ള കരാറുകളിൽ എന്താണ് നടക്കുന്നത് എന്ന് നമുക്കറിയില്ല. ഒപ്പു വെയ്ക്കുന്നവരുടെ താല്പര്യം, ഇങ്ങനെ ചെയ്താൽ എനിക്ക് എന്ത് ലാഭം ഉണ്ടാകും ഇങ്ങനെ ചെയ്താൽ എന്ന് നോക്കിയിട്ടാണ് ഓരോരുത്തരും ചെയ്യുന്നതെങ്കിൽ ആ യുക്തിയാണ് ഇങ്ങനെ ചെയ്യാൻ പ്രേരിപ്പിക്കുന്നത്. അത് സ്വാതന്ത്ര്യമാണോ ? നമുക്ക് സുരക്ഷിതത്വം ആവശ്യമാണ്, ഇങ്ങനെ ഒപ്പിട്ടാൽ നമുക്ക് സുരക്ഷിതത്വം ലഭിക്കും തുടങ്ങിയ പ്രതിബിംബങ്ങളുടെ അടിസ്ഥാനത്തിലാണ് നാം കരാർ ഒപ്പു വെയ്ക്കുന്നതെങ്കിൽ നാം സ്വതന്ത്രരാണെന്ന് കരുതാമോ ? ഇത് വ്യക്തമല്ല. ഉദാഹരണത്തിന് ഇറാക്കിലെ ഇപ്പോഴത്തെ ഭരണകൂടം സ്വതന്ത്രമായി പ്രവർത്തിക്കുന്നു എന്നാണ് പറയുന്നത്. എന്തടിസ്ഥാനത്തിലാകും ഇങ്ങനെ പറയുന്നുണ്ടാവുക ? ഇപ്പോൾ ഭരിക്കുന്നവരുടെ താല്പര്യങ്ങളും, തീരുമാനങ്ങളും ഭരിക്കപ്പെടുന്ന ആളുകളുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതാകും എന്ന പ്രതിബിംബ (image) ത്തിൽ നിന്നാണ് അത് വരുന്നത്. ഇതിന്റെ ദൂരവ്യാപകമായ അനന്തരഫലങ്ങളെപ്പറ്റിയുള്ള ആലോചനകളിൽ നിന്നല്ല ഈ ഭരണം വരുന്നത്. അത്തരം ദൂരവ്യാപകമായ അനന്തരഫലങ്ങളിലേക്ക് കടന്നുവരേണ്ട ആവശ്യമില്ല എന്നുള്ള ഒരു മുൻവിധിയിൽ കൂടിയാണ് ഇത് സംഭവിക്കുന്നത്. അമേരിക്കൻ ഭരണകൂടവുമായി ഇറാക്ക് ഭരണകൂടത്തിനുള്ള ബന്ധത്തിൽ നിന്നാകാം ഈ മുൻവിധി വരുന്നത്.

സ്വാതന്ത്ര്യം എന്നുള്ള സങ്കല്പനം ഒരു പ്രത്യേക പരിധിവരെ മാത്രമേ സാദ്ധ്യമാകു. പൂർണ്ണമായ സ്വാതന്ത്ര്യം (absolute freedom) എന്ന സങ്കല്പനം മനുഷ്യബന്ധങ്ങളിൽ ഒരു അടിസ്ഥാനമായി എടുക്കുകയാണെങ്കിൽ അത് നിലനിർത്താൻ വളരെ പ്രയാസമായിരിക്കും. കാരണം എനിക്ക് നിങ്ങളുടെ മേലെ താല്പര്യമുണ്ടെങ്കിൽ, എനിക്ക് നിങ്ങളുടെ വിഭവത്തിൽ താല്പര്യമുണ്ടെങ്കിൽ, നിങ്ങളുടെ അസ്വാതന്ത്ര്യം എനിക്ക് വലിയ ആവശ്യമാണ്. നിങ്ങളുടെ അസ്വാതന്ത്ര്യത്തിലൂടെ എന്റെ സ്വാതന്ത്ര്യം എനിക്ക് ലഭിക്കണം എന്നാണ് സ്ഥിതി. എനിക്ക് എന്നോട് താല്പര്യം ഉള്ളതുപോലെ നിങ്ങളിൽ താല്പര്യം ഇല്ലെങ്കിൽ നമുക്കൊരുമിച്ച് സ്വരചേർച്ചയുള്ള ബന്ധം ഉണ്ടാക്കാൻ കഴിയില്ല. കാരണം അത് കൊടുക്കലും എടുക്കലും (give and take) ആണ്. നിങ്ങൾക്ക് നിങ്ങളോടുള്ള താൽപ്പര്യം പോലെ നിങ്ങൾക്ക് എന്നോട് താൽപര്യം ഉണ്ടാകുമ്പോൾ നാം തമ്മിൽ ബന്ധപ്പെടുന്നതിൽ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നതിനെക്കുറിച്ച് പരസ്പരസമ്മതത്തിലെത്താം. അത്തരം മുഹൂർത്തം വലിയ പ്രശ്നങ്ങൾ നിറഞ്ഞതാണ്. മറ്റേയാൾക്ക് താല്പര്യമില്ലെങ്കിലും നിങ്ങൾക്ക് അയാളിൽ നിന്ന് വിഭവങ്ങൾ ബലംപ്രയോഗിച്ച് പിടിച്ചെടുക്കാം. നിങ്ങൾക്ക് അയാളിൽ താല്പര്യമുണ്ട് എങ്കിൽ നിങ്ങളുടെ താല്പര്യം അയാളുടെ സ്വാതന്ത്ര്യത്തിന്റെ മേലെ

എപ്പോഴും ഭീഷണിയായി ഉണ്ടാകും. ഇത് ഒഴിവാക്കാൻ ഗ്യാരണ്ടിയൊന്നുമില്ല. കാരണം ഇത് എങ്ങിനെയാകണമെന്ന് ആരും നിശ്ചയിച്ചിട്ടില്ല. മുൻകൂട്ടിപറയാനാകാത്ത സ്ഥിതിയാണത്. രാഷ്ട്രത്തെ സംബന്ധിച്ചായാലും മനുഷ്യന്റെ വ്യക്തിപരമായ ബന്ധങ്ങളെ സംബന്ധിച്ചായാലും ഇങ്ങിനെ തന്നെയാണ് കിടക്കുന്നത്. മനുഷ്യവ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളിലും, സ്ഥാപനങ്ങളുമായുള്ള ബന്ധങ്ങളിലും സ്വാതന്ത്ര്യം എന്നുള്ള സങ്കല്പം മൗലിക പ്രധാന്യമുള്ളതാകുന്നത്, ഈ സ്വാത്യന്ത്ര്യ സങ്കല്പമാണ് ജനാധിപത്യത്തിന്റെ അടിസ്ഥാനം



എന്നതു കൊണ്ടാണ്. അതിന്റെ മേലെ ഒത്തുതീർപ്പുകൾ സാദ്ധ്യമല്ല. എനിക്ക് നിങ്ങളിൽ താൽപര്യമുണ്ട്. താൽപര്യമുണ്ട് എന്ന് വെച്ചാൽ എന്തെങ്കിലും തരത്തിലുള്ള വിഭവമായി, വസ്തുവായി ഞാൻ നിങ്ങളെ നോക്കുകയാണെങ്കിൽ എനിക്ക് നിങ്ങളിൽ നിന്ന് എന്തോ ലഭിക്കാനുണ്ട്. അപ്പോൾ നിങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതെ അത് എങ്ങിനെ നേടാമെന്ന് മറ്റൊരാളുടെ ഞാൻ സ്വയം ഉറപ്പു വരുത്തുകയോ മറ്റേയാളുമൊരുമിച്ച് ഉറപ്പുവരുത്തുകയോ ചെയ്യുന്നില്ലെങ്കിൽ തുടർന്ന് പ്രവർത്തിക്കാൻ പാടില്ലെന്ന് വയ്ക്കണം. സ്വാതന്ത്ര്യം എന്ന് വെച്ചാൽ നിങ്ങളുടെ താല്പര്യം, അസൗകര്യങ്ങൾ തുടങ്ങിയവ. മറ്റൊരാളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രവർത്തി ഒരാൾ ചെയ്യാതിരിക്കുകയോ പ്രവർത്തിയിൽ നിന്ന് വിട്ടുനിൽക്കുകയോ ചെയ്യുന്ന അവസ്ഥയാണ് സ്വാതന്ത്ര്യത്തെ ഉറപ്പാക്കുന്നത്. അങ്ങിനെയല്ലെങ്കിൽ ഒരിക്കലും സ്വാതന്ത്ര്യമില്ല.

സ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കാനുള്ള ഒരാളുടെ തീരുമാനത്തിന് ഏറ്റവും ഭീഷണി വരുന്നത് അനുനയങ്ങളിൽ നിന്നാണ്. പരിവർത്തനം ചെയ്യൽ, അനുനയിപ്പിക്കൽ, സാധൂകരിക്കൽ. ഞാൻ മറ്റെയാളെ പരിവർത്തിപ്പിക്കാൻ അനുനയിപ്പിക്കുന്നു. കാര്യങ്ങളുടെ സ്ഥിതി അയാൾക്കനുകൂലമാണെന്ന് ഞാൻ അയാളെ ധരിപ്പിക്കുന്നു. എന്നിട്ട് മെല്ലെ ഞാൻ വശീകരിച്ച് എന്റെ ആവശ്യത്തിന് വേണ്ടി മറ്റെയാളെ കൊണ്ടുവരുന്നു. ഇത് വളരെ ക്ഷണികമായ ഒരവസ്ഥയാണ്. കാരണം നമ്മൾ അതിലേക്ക് കടന്നുവരുന്ന സമയത്ത് അവിടെ എന്താണ് സംഭവിക്കുകയെന്ന് പറയാൻ പറ്റില്ല. എങ്ങിനെയും സംഭവിക്കാം. കാരണം അനുനയനം ഒരു കലയാണ്. അങ്ങനെ കലയും വിശ്വാസവും പോലെ പല രീതിയിലുള്ള ആവരണങ്ങളിലൂടെയാണ് ഒരാൾ ഒരു താല്പര്യം സാധിക്കുന്നത്.

മനുഷ്യൻ സ്വതന്ത്ര്യനാകാൻ വിധിക്കപ്പെട്ടിരിക്കുന്നു എന്ന് പറയാറുണ്ട്. അത് അസ്തിത്വത്തിന്റെ ഘടകമായിട്ടാണ് (Existential conjunction) കരുതുന്നത്. അതു കഴിഞ്ഞാൽ ഒരാളെ സംബന്ധിച്ചിടത്തോളം മറ്റവൻ നരകം തന്നെയാണ്. അപരനോട് സാർത്രിനുള്ള മനോഭാവം ഇങ്ങനെയായിരുന്നു. കാരണം സ്വാതന്ത്ര്യം എന്നുള്ള സങ്കല്പം ഇവിടെ ബന്ധത്തെ ആസ്പദമാക്കിയാണ്. ഞാൻ ഒറ്റയ്ക്കാവുമ്പോൾ ഞാൻ സ്വതന്ത്രനാണെന്ന് പറയാനാകുമോ ? ഞാൻ ഒറ്റയ്ക്കാകുമ്പോൾ സ്വാതന്ത്ര്യം എന്നുള്ളത് പ്രസക്തമല്ല. മറ്റൊരാൾ ഉണ്ടാകുന്ന സമയത്താണ് സ്വാതന്ത്ര്യം ഉണ്ടായിരിക്കുമോ ഇല്ലാതാകുമോ എന്നറിയുക. ഞാൻ മറ്റൊരാളുമായി കൂട്ട് ചേർന്ന് എന്തെങ്കിലും ചെയ്യാൻ ശ്രമിക്കുമ്പോഴോ ക്രിയവിക്രയം നടത്തുമ്പോഴോ സ്വാതന്ത്ര്യത്തിന്റെ ചോദ്യം വരും. കൂടുതൽ പേരുൾപ്പെടുമ്പോൾ കൂടുതൽ പ്രശ്നങ്ങളുണ്ടാവുകയും ചെയ്യും. ഒറ്റയ്ക്കായിരിക്കുമ്പോൾ എത്ര സ്വതന്ത്രനാണ് ഞാൻ എന്നു പറയുന്നത് ഭാവനയാണ്. അല്ലെങ്കിൽ പിന്നെ മറ്റ് ജന്തുജാലങ്ങളെ അപേക്ഷിച്ച് ഇങ്ങനെ പറയാം. പക്ഷേ മനുഷ്യരുടെയിടയിലുള്ള കാര്യമാണ് നാം നോക്കുന്നത്. ഉദാഹരണത്തിന് ആളുകൾ ആരുമില്ലാത്ത ഏതെങ്കിലും സ്ഥലത്ത് ചെന്നിട്ട് ആളുകളില്ലാത്ത മറ്റ് സ്ഥലങ്ങളുമായി അപേക്ഷിച്ച് ഇവിടെ സ്വതന്ത്ര്യമനുഭവപ്പെടുന്നു എന്ന് പറയുമ്പോൾ വ്യത്യാസമുണ്ട്. ഇത് മുൻപ് പറഞ്ഞ മറ്റ് മനുഷ്യരുമായി ഇടപെടുന്ന സാമൂഹിക ജീവിതത്തിലെ സ്വാതന്ത്ര്യ സങ്കല്പവുമായി വ്യത്യാസമുണ്ട്. ഉദാഹരണത്തിന് ഒരു സമതല പ്രദേശത്ത് ഇഷ്ടം പോലെ സ്വാതന്ത്ര്യമുണ്ട് എന്ന് പറയുന്നതും എന്നാൽ ചെറിയ ഇടുക്കുകളിൽ ഞാൻ സ്വതന്ത്രനല്ല എന്ന് പറയുന്നതു പോലത്തെ സ്വാതന്ത്ര്യ സങ്കല്പമല്ല മനുഷ്യബന്ധങ്ങളുടെ അകത്ത്, സമൂഹത്തിന്റെ അകത്ത് അല്ലെങ്കിൽ സ്റ്റേറ്റിന്റെ അകത്ത് ഉള്ള സ്വാതന്ത്ര്യം. കാരണം അത് എന്തെങ്കിലുമായുള്ള ബന്ധത്തെ ആസ്പദമാക്കിയുള്ള സ്വാതന്ത്ര്യ സങ്കല്പമാണ്.

*(തുടരും)*